www.muthalakodamstgeorgechurch.com



# മുതലക്കോടത്ത് മുത്തപ്പൻ

## ഇടവക ബുള്ളറ്റിൻ

വാല്യം 40 ലക്കം 12 ഡിസംബർ 2025



ക്രിസ്തുമസ് ആശംസകൾ

# സ്നേഹസ്മരണയ്ക്ക്......

"ഞാൻ നിങ്ങളിൽനിന്നും അകന്നുപോയെങ്കിലും
നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെയുംകൂടി ഓർക്കേണമേ.."

## 8–ാം ചരമവാർഷികം



# മേരി കെ.ജോർജ്

(റിട്ട.ടീച്ചർ, SGUPS മുതലക്കോടം)

## ആശാരിപ്പറമ്പിൽ

ജനനം: 23–08–1950 മരണം:11–12–2017

# മുതലക്കോടത്ത് മുത്തപ്പൻ







01 വികാരിയച്ചന്റെ സന്ദേശം

03 ഇടവക വാർത്തകൾ

06 സംഘടനാ വാർത്തകൾ

13 കുടുംബവാർത്തകൾ

15 പ്രധാന ദിനങ്ങൾ

16 ബൈബിൾ ക്വിസ്

17 വാർഡ് പ്രാർത്ഥന

18 മിഷൻ ഞായർ പിരിവ്

20 തിരുവചനവായനകൾ



Patron Mar George Madathikandathil

Published on First Sunday of every month

Phone : 8281717867

E-mail : muthalakodam123@gmail.com

| | | |
|---|---|---|
| മാനേജിംഗ് എഡിറ്റർ | റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ | Mob : 9447400859 |
| ചീഫ് എഡിറ്റേഴ്സ് | റവ. ഫാ. സ്കറിയ മെതിപ്പാറ | Mob : 9373856018 |
| | റവ. ഫാ. ജോസഫ് കാരക്കുന്നേൽ | Mob : 9496902515 |
| എഡിറ്റേഴ്സ് | ശ്രീമതി ഗ്രേസി തോമസ് പാറയിൽ | |
| | സിസ്റ്റർ. പുഷ്പ മരിയ എസ്.എച്ച് | |
| | ശ്രീ. ജോജോ ജോസഫ് പാറത്തലയ്ക്കൽ | |
| | ശ്രീ. കെ. പി. മാത്യു കൊച്ചുപറമ്പിൽ | |
| | ശ്രീ. പോൾ വർഗീസ് മച്ചുകുഴി | |
| | ശ്രീ. ജോസഫ് തോട്ടത്തിമ്യാലിൽ | |
| | Ms.ഡോണ ബിജു അമ്പലത്തുരുത്തേൽ | |




+91 85890 67771, +91 85890 67770

www.nealsolar.com



# വികാരിയച്ചന്റെ സന്ദേശം

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം" (ലൂക്കാ 2:14). "ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു" (ലൂക്കാ 2:11). ഏവർക്കും ഉണ്ണി യേശുവിന്റെ പിറവിത്തിരുനാളിന്റെ പ്രാർത്ഥനാമംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിച്ചുകൊള്ളുന്നു.

### ക്രിസ്തുവിനെ തേടിയുള്ള യാത്ര

തിരുക്കുടുംബം നടത്തേണ്ടിവന്ന ഒരു യാത്രയുടെ പശ്ചാത്തലത്തിലാണ് (ലൂക്കാ 2:1) യേശുവിന്റെ ജനനം ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നത്. ഈ ക്രിസ്തുമസ് നമ്മെയും ക്ഷണിക്കുന്നത് ഒരു യാത്രയിലേയ്ക്കാണ്; ബേത്‌ലഹേം തേടിയുള്ള യാത്രയിലേയ്ക്ക്. ഇങ്ങനെ രക്ഷകനെ തേടിയിറങ്ങിയവരിൽ ഒരാളൊഴിച്ച് (ഹെറോദേസ്) ബാക്കിയെല്ലാരും രക്ഷകനെ കണ്ടെത്തുന്നുണ്ട്. രക്ഷകന് ജന്മം കൊടുക്കാനുള്ള യാത്ര മാതാവും യൗസേപ്പിതാവും വിജയകരമായി പൂർത്തിയാക്കുമ്പോൾ ദൈവദൂതൻ രക്ഷകന്റെ ജനനത്തെപ്പറ്റിയുള്ള സദ്വാർത്ത ആദ്യം അറിയിക്കുന്നത് പാവപ്പെട്ട ആട്ടിടയരെയാണ്. ദൈവദൂതന്റെ വാക്കുകൾ അവരിൽ ഭയം ഉളവാക്കിയെങ്കിലും അവർ ബെത്‌ലഹേമിൽ പോയി ദൂതൻ അറിയിച്ച ഈ സംഭവം നേരിൽ കണ്ടു.

അടുത്ത യാത്ര ജ്ഞാനികളുടേതാണ്. കൈനിറയെ കാഴ്ചകളുമായി, നക്ഷത്രത്തിന്റെ വഴിയെ രക്ഷകനെ തേടി അവർ ഇറങ്ങി. അറിവും അധികാരവും ഉണ്ടായിരുന്നവർ





അതെല്ലാം മാറ്റിനിർത്തി, സ്വയം എളിമപ്പെട്ടതുകൊണ്ട് അവർക്ക് രക്ഷകന്റെ അരികിലെത്തിച്ചേരാൻ സാധിച്ചു. എന്നാൽ, അഹങ്കാരത്തിന്റെയും സ്വാർത്ഥതയുടെയും മണിമാളികയിലിരിക്കുന്ന ഇസ്രായേലിന്റെ പ്രതിനിധിയായ ഹേറോദേസിന് രക്ഷകനെ കാണാൻ സാധിച്ചില്ല. കാരണം, രക്ഷകനെ തേടിയിറങ്ങണമെങ്കിൽ ആട്ടിടയന്മാരെപ്പോലെയും ജ്ഞാനികളെപ്പോലെയും മനസ്സിൽ ലാളിത്യം സൂക്ഷിക്കുന്നവരും അഹങ്കാര ചിന്തകൾ വെടിയുന്നവരുമായിരിക്കണം.

ദൈവം മനുഷ്യനായി ഭൂമിയിൽ അവതരിച്ചത് സ്വയം എളിമപ്പെടുത്തിക്കൊണ്ടാണ്. ഈയൊരു എളിമപ്പെടുത്തൽ വഴി ഒരിക്കൽ ഏദൻ തോട്ടത്തിൽ അടയ്ക്കപ്പെട്ട പറുദീസയുടെ വാതിൽ തുറക്കപ്പെട്ട രാത്രിയാണ് ക്രിസ്തുമസ് രാത്രി. പുൽക്കൂട്ടിലെ ഉണ്ണീശോ നമ്മെയും ക്ഷണിക്കുന്നത് ഈയൊരു എളിമപ്പെടലിന്റെ മനോഭാവത്തിലേയ്ക്കാണ്. കാരണം, സ്വയം എളിമപ്പെടുന്നവർക്കാണ് ഉണ്ണിയേശുവിന് ഹൃദയത്തിൽ ജന്മം കൊടുക്കാനും ഉണ്ണിയേശുവിനെ കണ്ടെത്താനും സാധിക്കുക.

പ്രശസ്ത വചനപ്രഘോഷകനായിരുന്ന ബിഷപ് ഫുൾട്ടൻ ജെ. ഷീൻ ഇപ്രകാരം പറയുന്നു: ''ആയിരം പുൽക്കൂടുകളിൽ ഉണ്ണി പിറന്നാലും നമ്മുടെ ഹൃദയത്തിൽ ഉണ്ണി പിറക്കുന്നില്ലെങ്കിൽ ക്രിസ്തുമസ് വ്യർത്ഥമാണ്''.

ഒരു ദിവസം കൊണ്ട് അവസാനിക്കേണ്ടതല്ല ക്രിസ്തുമസ്. നമ്മുടെ അനുദിനജീവിതത്തിൽ ക്രിസ്തു മനുഷ്യനായി പിറക്കട്ടെ. നമ്മുടെ വ്യക്തിജീവിതങ്ങളിൽ, കുടുംബങ്ങളിൽ നാം ആയിരിക്കുന്ന വിവിധ ഇടങ്ങളിൽ ക്രിസ്തുവിന് ജനിക്കാൻ, സ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും പാതയിൽ ചരിച്ചുകൊണ്ട് നമ്മുക്ക് ഇടം ഒരുക്കാം.

സ്നേഹത്തോടെ

വികാരിയച്ചൻ

റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ

# ഇടവക വാർത്തകൾ



**മംഗളവർത്താക്കാലം**

മാർത്തോമാക്രിസ്ത്യാനികളുടെ ആരാധനാക്രമവത്സരം ആരംഭിക്കുന്നത് മംഗളവാർത്താക്കാലത്തോടു കൂടിയാണ്. ഡിസംബർ 25-ാം തീയതി പിറവിത്തിരുന്നാളായി ആഘോഷിക്കുന്നു. ഈശോയുടെ ജനനത്തിന് ഒരുക്കമായിട്ടുള്ള നാലാഴ്ചകൾ കൂടിയതാണ് ഈ കാലം. തിരുപ്പിറവിക്കൊരുക്കമായി ഡിസംബർ 1 മുതൽ 25 വരെ ഈ അവസരത്തിൽ നോമ്പ് ആചരിക്കുന്നു. വിവാഹം ഉൾപ്പെടെയുള്ള ആർഭാടപൂർവ്വമായ ആഘോഷങ്ങൾ തിരുസഭ ഈ കാലയളവിൽ വിലക്കിയിരിക്കുന്നു. ഈ നോമ്പുകാലത്ത് കുമ്പസാരിച്ച് ഈശോയെ നമുക്ക് ഹൃദയങ്ങളിൽ സ്വീകരിക്കാം.

**നക്ഷത്രവിളക്ക്**

എല്ലാ വീടുകളിലും ഡിസംബർ മാസം ഒന്നാം തീയതി മുതൽ തന്നെ നക്ഷത്ര വിളക്കുകൾ സ്ഥാപിക്കുകയും ജനുവരി 6-ാം തീയതി ദനഹാതിരുനാൾ ദിവസം നീക്കം ചെയ്യുകയും ചെയ്യുമല്ലോ.

**പിറവിത്തിരുന്നാളിനൊരുക്കമായി കുമ്പസാരം**

ഇടവകാംഗങ്ങൾക്ക് 22, 23, 24 തീയതികളിൽ (തിങ്കൾ, ചൊവ്വ, ബുധൻ) രാവിലെ വി. കുർബാനയ്ക്ക് ശേഷം വൈകിട്ട് 6.00 pm വരെ കുമ്പസാരിക്കുവാൻ സൗകര്യം ഉണ്ടായിരിക്കും.





## പിറവിത്തിരുന്നാൾ തിരുക്കർമ്മങ്ങൾ

ഡിസംബർ 24-ാം തീയതി രാത്രി 12.00 മണിക്ക് പിറവിയുടെ തിരുക്കർമ്മങ്ങൾ ആരംഭിക്കുന്നു. ഡിസംബർ 25 ന് രാവിലെ 5.00 am, 6.00 am, 7.15 am, 10.00 am എന്നീ സമയങ്ങളിൽ വി. കുർബാന ഉണ്ടായിരിക്കും. 10.00 മണിയുടെ വി. കുർബാനക്ക് നമ്മുടെ ഭവനങ്ങളിൽ രോഗികളായി കഴിയുന്നവരെയും വൃദ്ധരായ മാതാപതാക്കളെയും കൊണ്ടുവരുവാൻ കുടുംബാംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വൈകുന്നേരം വി. കുർബാന ഉണ്ടായിരിക്കുന്നതല്ല.

## ക്രിസ്മസ് കരോൾ

യേശുവിന്റെ ജനനവാർത്തയുമായി ഇടയന്മാരെ തേടി വന്ന മാലാഖമാരെ അനുസ്മരിച്ചുകൊണ്ട് വീടുകളിൽ രക്ഷകന്റെ ജനനവാർത്തയുമായി എത്തുന്നതാണല്ലോ ക്രിസ്മസ് കരോൾ. കരോളിന് പാരീഷ് കൗൺസിൽ അംഗങ്ങളും മറ്റ് ഭാരവാഹികളും നേതൃത്വം കൊടുക്കണം. അതാതു വാർഡിലെ കരോളിന് ആ വാർഡുകളിലെ എല്ലാ ആളുകളും, സ്ത്രീകളും, പുരുഷൻമാരും, കുട്ടികളും സജീവമായി പങ്കെടുക്കാൻ ശ്രമിക്കുമല്ലോ.

## കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ

ഡിസംബർ 28 ഞായറാഴ്ച്ച കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ആഘോഷിക്കുന്നു. അന്നേ ദിവസം 7.00 മണിയുടെ വി. കുർബാന നമ്മുടെ ഇടവകയിലെ കുഞ്ഞുങ്ങളെ സമർപ്പിച്ചുകൊണ്ടുള്ളതായിരിക്കും. വി. കുർബാനയ്ക്ക് ശേഷം കുഞ്ഞുങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥനയും ആശീർവ്വാദവും ഉണ്ടായിരിക്കുന്നതാണ്. ഞായറാഴ്ച പതിവുള്ളതുപോലെ 6.00 am നും, 8.30 am നും 10.00 am നും വൈകിട്ട് 4.30 pm നും വി. കുർബാന ഉണ്ടായിരിക്കും.

## വർഷാവസാനം, വർഷാരംഭം

ഡിസംബർ 31-ാം തീയതി രാത്രിയിലെ തിരുക്കർമ്മങ്ങൾ :-

| | |
|---|---|
| 10.30 pm | ദിവ്യകാരുണ്യ ആരാധന |
| 11.45 pm | വർഷാവസാന പ്രാർത്ഥന |
| 12.00 am | വർഷാരംഭ പ്രാർത്ഥന തുടർന്ന് ആഘോഷമായ വി. കുർബാന, സന്ദേശം |

ജനുവരി 1-ാം തീയതി :-

| | |
|---|---|
| 6.00 am | വി. കുർബാന |
| 7.00 am | വി. കുർബാന |

## വാർഡ് വാർഷികങ്ങൾ

നമ്മുടെ ഇടവകയിലെ കുടുംബ കൂട്ടായ്മകളുടെ ഈ വർഷത്തെ വാർഷികങ്ങൾ ജനുവരി 4-ാം തീയതി മുതൽ ഫെബ്രുവരി 15 വരെ നടത്തപ്പെടുകയാണ്. വാർഡ് വാർഷികങ്ങളിൽ എല്ലാവരും പങ്കെടുത്ത് അംഗങ്ങളുടെ സജീവ പങ്കാളിത്തവും സഹകരണവും പ്രകടിപ്പിക്കുമല്ലോ. പരസ്പര സ്നേഹവും ബന്ധങ്ങളും വർദ്ധിപ്പിക്കാനുള്ള അവസരങ്ങളായി നമുക്ക് ഇതിനെ പ്രയോജനപ്പെടുത്താം. ഏറ്റവും ഭംഗിയായി വാർഡ് വാർഷികങ്ങൾ നടത്താൻ വാർഡ് ലീഡേഴ്സ് ശ്രദ്ധിക്കുമല്ലോ.

**സമയക്രമീകരണം**

05.00 പ്രാർത്ഥന

06.00 മത്സരങ്ങൾ

06.30 സമാപനസമ്മേളനം

08.00 സ്നേഹവിരുന്ന്

09.00 സ്വഭവനങ്ങളിലേയ്ക്ക്

**കാര്യപരിപാടി**

സ്വാഗതം - കുടുംബനാഥൻ

വാർഷിക റിപ്പോർട്ട് - സെക്രട്ടറി

അദ്ധ്യക്ഷപ്രസംഗം - വാർഡ് പ്രസിഡന്റ്

അച്ചന്റെ സന്ദേശം

കലാപരിപാടികൾ

നന്ദി - വൈസ് പ്രസിഡന്റ്

# സംഘടനാ വാർത്തകൾ

## സൺഡേ സ്കൂൾ

* ബഹുമാനപ്പെട്ട സ്കറിയ മെതിപ്പാറ അച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.
* സൺഡേസ്കൂൾ കുട്ടികൾക്ക് മിഠായി നൽകുകയും ചെയ്തു.
* വിശ്വാസ പരിശീലക ദിനാചരണത്തോടനുബന്ധിച്ച് റിട്ടയർ ആയ മതാധ്യാപകരെ ബഹുമാനപ്പെട്ട വികാരിയച്ചൻ പൊന്നാട അണിയിച്ച് ആദരിച്ചു.
* പന്ത്രണ്ടാം ക്ലാസിലെ കുട്ടികൾ സ്നേഹാലയം സന്ദർശിച്ച് പ്രായമായ മാതാപിതാക്കളോടൊപ്പം സമയം ചിലവഴിച്ചു. വിവിധ മത്സരങ്ങളും കലാപരിപാടികളും നടത്തി.
* പതിനൊന്നാം ക്ലാസിലെ കുട്ടികൾ ഏഴുമുട്ടത്തുള്ള LSDP സിസ്റ്റേഴ്സിന്റെ ഭവനത്തിലുള്ള കുട്ടികളെ പോയി കാണുകയും മത്സരങ്ങൾ നടത്തുകയും ചെയ്തു.
* 10, 11, 12 ക്ലാസിലെ കുട്ടികൾക്കായി വൺഡേ സെമിനാർ സംഘടിപ്പിക്കുകയും കൗൺസിലിംഗ് നടത്തുകയും ചെയ്തു.
* ഈശോയുടെ രാജത്വ തിരുനാളിനോടനുബന്ധിച്ച് റാലി സംഘടിപ്പിക്കുകയും അന്നേദിവസം തന്നെ മൂന്നാം ഗ്രൂപ്പിലെ കുട്ടികൾ കൾച്ചറൽ പ്രോഗ്രാം നടത്തുകയും ചെയ്തു.

ഡിസംബർ

* 30 – മംഗളവാർത്ത ഒന്നാം ഞായർ
* 1 – 25 നോമ്പ് ആരംഭം
* ഉണ്ണീശോയുടെ പിറവിതിരുനാളിന് ഒരുക്കമായി എല്ലാ ദിവസവും പള്ളിയിൽ വരുന്ന കുട്ടികൾക്ക് പ്രത്യേക സമ്മാനം ഉണ്ടായിരിക്കും.
* ഉണ്ണീശോയുടെ പിറവിയുമായി ബന്ധപ്പെട്ട കുഞ്ഞുണ്ണിക്ക് ഒരു പുത്തൻ ഉടുപ്പ് സമ്മാനം (Dress Collection Box).
* 8 – പരി. കന്യാകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ.
* 13 – അധ്യാപക ക്വിസ് രൂപതാതലം

* 14 – അനാഥമന്ദിര സന്ദർശനം മൈലക്കൊമ്പ് സ്നേഹഭവൻ
* 18 – മൈലാപ്പൂരിലെ അത്ഭുത സ്ലീവ
* 21 – കരോൾ ഗാന മത്സരം, പാപ്പാ മത്സരം
* 25 – പിറവി തിരുനാൾ
* 28 – കുഞ്ഞിപ്പൈതങ്ങളുടെ ദിനം

## ചെറുപുഷ്പ മിഷൻ ലീഗ്

* മിഷൻ ഞായർ ആചരണം നടത്തി. മിഷൻ ട്രീ, ഗെയിംസ് എന്നിവ ഉണ്ടായിരുന്നു.
* ബഹു. ഡീക്കൻ എബി ചെമ്പരത്തി മിഷൻ അനുഭവങ്ങൾ പങ്കുവച്ചു.
* പരിശുദ്ധ അമ്മയോടുള്ള സ്നേഹവും വാത്സല്യവും വളർത്തുവാൻ സഹായകമായ ജപമാല നിർമ്മാണം നടത്തി. സി. മേരി എസ്.എച്ച് ജപമാല നിർമ്മിക്കുവാൻ പഠിപ്പിച്ചു. ഓരോരുത്തരും ഓരോ ജപമാല വീതം നിർമ്മിച്ചു.
* ഫാ. ജോൺ കണയാങ്കൽ ഉത്കല മിഷൻ അനുഭവങ്ങൾ മിഷൻലീഗ് അംഗങ്ങളുമായി പങ്കുവച്ചു.
* വിവിധ തരം ജപമാലകളുടെ എക്സിബിഷൻ നടത്തി.
* വി. ചാൾസ് ബൊറോമിയോയുടെ തിരുനാളിനോടനുബന്ധിച്ച് മതാധ്യാപകർക്ക് ആശംസകൾ നേർന്നു.
* കെ.സി.വൈ.എം ന്റെ നേതൃത്വത്തിൽ നടത്തിയ നൈറ്റ് വിജിലിൽ മിഷൻ ലീഗ് അംഗങ്ങൾ പങ്കെടുത്തു.

## കെ.സി.വൈ.എം

- യുവജനങ്ങളുടെ നേതൃത്വത്തിൽ മടക്കത്താനം സ്നേഹവീട്ടിൽ പൊതിച്ചോർ എത്തിച്ചുകൊടുത്തു.
- നവംബർ 15 ന് യുവജനങ്ങൾക്കായി നൈറ്റ് വിജിൽ സംഘടിപ്പിച്ചു. നൂറോളം യുവജനങ്ങൾ പങ്കെടുത്തു.
- എല്ലാ ഞായറാഴ്ചകളിലും 07.15 ന്റെ വി. കുർബാനക്ക് ശേഷം മീറ്റിംഗ് കൂടി വരുന്നു.
- നെസ്റ്റിൽ വച്ച് നടന്ന കെ.സി.വൈ.എം അർദ്ധവാർഷിക കൗൺസിലിൽ സാനിയ സണ്ണി പങ്കെടുത്തു.





## മാതൃവേദി

നവംബർ 2-ാം തീയതി മാതൃവേദിയുടെ പ്രതിമാസ സമ്മേളനം നടന്നു.

**ക്ലാസ്**

റവ. സി. വിജിൽ എസ്.എച്ച് അമ്മമാർക്ക് ക്ലാസ് എടുത്തു. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കിതന്നു.

**യൂണിറ്റ് ടൂർ**

റവ. ഫാ. ജോസഫ് കാരക്കുന്നേൽ അച്ചന്റെ നേതൃത്വത്തിൽ അനിമേറ്റർ സി. വിജിലും, ഭാരവാഹികളും യൂണിറ്റ് അംഗങ്ങളും വിനോദയാത്ര നടത്തി. ആലുവ മംഗലപ്പുഴ സെമിനാരി, കൊടുങ്ങല്ലൂർ, തൃശൂർ കപ്പൽ പള്ളി എന്നിവിടങ്ങളിലാണ് ടൂർ പോയത്.

**ഡിസംബർ മാസ സമ്മേളനം**

07.12.2025 ആദ്യഞായർ ഉച്ചകഴിഞ്ഞ് 2 മണിക്ക് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെടും. അന്ന് വാർഷികത്തിന് മുന്നോടിയായി മത്സരങ്ങൾ നടത്തപ്പെടും. ഡിസംബർ 21-ാം തീയതി ഞായർ ഉച്ച കഴിഞ്ഞ് 2 മണിക്ക് ക്രിസ്മസ് ആഘോഷവും, ക്രിസ്മസ് ഫ്രണ്ട് ഗിഫ്റ്റ് കൈമാറ്റവും ഉണ്ടായിരിക്കും. എല്ലാ മാതൃവേദി അമ്മമാർക്കും സ്വാഗതം.

## പിതൃവേദി

- സെന്റ് ജോർജ് മുതലക്കോടം പിതൃവേദിയുടെ നേതൃത്വത്തിൽ ഇടവകാംഗങ്ങളുടെയും മറ്റുള്ളവരുടെയും സഹായത്തോടെ ഒരു ഭവനം നിർമ്മിച്ചുനൽകി.
- ഭവന നിർമ്മാണത്തിന്റെ വരവുചിലവ് കണക്കുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| സെന്റ് ജോർജ് ചർച്ച് മുതലക്കോടം | - 1,00,000/- |
| കുന്നം കുരിശുപള്ളി വക | - 43,000/- |
| കോതമംഗലം രൂപതയിൽ നിന്നും | - 80,000/- |
| ഹെൽപ്പ് സേവ് ലൈഫ് ട്രസ്റ്റ് USA | - 3,76,002/- |
| ആക്രി വിറ്റ വക | - 72,000/- |
| പിതൃവേദി സ്റ്റാൾ 2024 തിരുനാൾ | - 1,77,428/- |





| | |
|---|---|
| പിതൃവേദി സ്റ്റാൾ 2025 തിരുനാൾ | - 62,000/- |
| ഭവന സന്ദർശനം വഴിയും വ്യക്തികൾ സംഭാവന തന്നതും വഴി സമാഹരിച്ച തുക | - 5,25,747/- |
| മൊത്തം വരവ് | - 14,36,177/- |
| മൊത്തം ചിലവ് | - 14,76,758/- |
| അധിക ചിലവ്/കടം | - 40,581/- |

- USA യിലുള്ള Help Save Life Trust നും സഹകരിച്ച എല്ലാവർക്കും നന്ദി.
- എല്ലാ മാസവും രണ്ടാമത്തെ വെള്ളിയാഴ്ച്ച രാവിലെ ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ കിടപ്പുരോഗികൾക്ക് വി. കുർബാന നൽകുന്നതാണ്.
- എല്ലാ ആദ്യ ശനിയാഴ്ചകളിലും വൈകിട്ട് 7 മണിയുടെ വി. കുർബാനക്ക് ശേഷം പള്ളി ചുറ്റി ജപമാല പ്രദക്ഷിണം ഉണ്ടായിരിക്കുന്നതാണ്. സാധിക്കുന്ന എല്ലാവരും ഇതിൽ പങ്കെടുക്കുവാൻ പരിശ്രമിക്കുമല്ലോ.

## സെന്റ് വിൻസെന്റ് ഡീപോൾ സൊസൈറ്റി സെന്റ് ജോർജ് കോൺഫറൻസ് മുതലക്കോടം

* എല്ലാ ഞായറാഴ്ചയും 8.30ന് ഓഫീസിൽ മീറ്റിംഗും പ്രാർത്ഥനയും നടത്തുന്നു. കോൺഫറൻസ് തീരുമാനം അനുസരിച്ച് 8 ദത്തു കുടുംബങ്ങൾക്ക് സഹായങ്ങൾ എത്തിക്കുന്നു. നാല് വ്യക്തികൾക്ക് ചികിത്സാ സഹായം നൽകി. കിടപ്പുരോഗികളെയും സഹായം അർഹിക്കുന്നവരെയും കണ്ടെത്തുവാനും പ്രാർത്ഥിക്കുവാനും ആയി കോൺഫ്രൻസ് അംഗങ്ങളുടെ ഭവന സന്ദർശനം തുടരുന്നു.
* ഭവന സന്ദർശനം - 20, രോഗീ സന്ദർശനം - 24, ദത്തുകുടുംബ സന്ദർശനം - 6, താൽക്കാലിക സഹായം - 4
* വിൻസെന്റ് ഡീ പോൾ മുതലക്കോടം കോൺഫറൻസിന്റെ പ്ലാറ്റിനം ജൂബിലി (75 Years) ഉദ്ഘാടനം ഡിസംബർ മാസത്തിൽ നടത്തുവാൻ തീരുമാനിച്ചു.
* കോൺഫറൻസ് നിർമ്മിച്ചുനൽകുന്ന വീടിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

* പ്രാർത്ഥനയിലൂടെയും സ്നേഹസംഭാഷണങ്ങളിലൂടെയും പരസ്നേഹപ്രവർത്തനങ്ങളിലൂടെയും ക്രിസ്തുവിന് സാക്ഷ്യം നൽകാൻ ആഗ്രഹിക്കുന്ന സമർപ്പിത യുവജനങ്ങളെയും മുതിർന്നവരെയും പ്രത്യേകമായി ഈ സംഘടനയിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.
* സാമ്പത്തിക പരാധീനതമൂലം തുടർചികിത്സ നടത്താൻ കഴിയാത്തവർക്കും അശരണർക്കും രോഗികൾക്കുമായി സാമ്പത്തിക സഹായം ചെയ്യുവാൻ ആഗ്രഹിക്കുന്നവർ സൊസൈറ്റിയുമായി ബന്ധപ്പെടുക.

## വിൻസെന്റ് ഡീപോൾ (വനിതാ വിഭാഗം)

- എല്ലാ തിങ്കളാഴ്ചയും 10.30 am ന് ജപമാലയോടുകൂടി വിൻസെൻഷ്യൻ അംഗങ്ങൾ സമ്മേളിക്കുന്നു.
- എല്ലാ മാസവും 12 ദത്തുകുടുംബങ്ങൾക്കും 10 ദത്തുവിദ്യാർത്ഥികൾക്കും സഹായം നൽകുന്നു.
- മുതലക്കോടം വനിതാ കോൺഫറൻസുമായി "ട്വിന്നിങ്" പദ്ധതിയിലൂടെ ബന്ധിപ്പിച്ച മലയിഞ്ചി കോൺഫറൻസിന് എല്ലാ മാസവും സാമ്പത്തിക സഹായം നൽകിവരുന്നു.
- ഒരു കിഡ്നി രോഗിക്ക് സാമ്പത്തിക സഹായം നൽകി.
- 09.11.2025 ൽ ഏരിയാ കൗൺസിൽ തലത്തിൽ നടത്തിയ മത്സരത്തിൽ താഴെ പറയുന്നവർ സമ്മാനർഹരായി.
- ഭക്തിഗാനം :-

  I$^{st}$ ജിയ എത്സ ഉല്ലാസ്, കുഴിപ്പിള്ളിൽ (Junior)

  I$^{st}$ ടെസ്സ മരിയ പോൾ, ചൂടൻമാക്കൽ (Youth)

  I$^{st}$ സെഫാനിയ ബിജു, ചൂളൈക്കാട്ടിൽ (Youth non member)
- പ്രസംഗം :-

  I$^{st}$ ജോസഫ് ടോം, കല്ലറയ്ക്കൽ (Junior)

  II$^{nd}$ ജോസഫ് സെബാസ്റ്റ്യൻ, മണ്ണാറുവേലിൽ (Senior)

  I$^{st}$ എലൈൻ സിബി, കൊട്ടാരത്തിൽ (Youth non member)





- ക്വിസ് :-

  I$^{st}$ ടെസ്സി മെൽവിൻ, ചക്കുങ്കൽ (Senior)

  II$^{nd}$ സിജു ജോർജ്, കാരകുന്നേൽ (Senior)

  I$^{st}$ മെരീസ തോമസ്, പാറയിൽ (Youth non member)

  II$^{nd}$ ജോയ്സ് തോമസ്, പാറയിൽ (Youth non member)

- ഉപന്യാസം :-

  I$^{st}$ പൗലോസ് എം.ഐ, മുടയനേഴത്ത് (Senior)

  II$^{nd}$ മേഴ്സി സെബാസ്റ്റ്യൻ, ചെമ്പരത്തി (Senior)

  II$^{nd}$ എയ്ഞ്ചൽ മേരി സോയി, പീടികേയ്ക്കപ്പറമ്പിൽ (Youth non member)

- വിവാഹ സഹായം - Rs. 25,000/-, ഭവനസന്ദർശനം - 235, രോഗീ സന്ദർശനം - 109, ദത്തുകുടുംബ സന്ദർശനം - 51, വിശേഷാൽ സന്ദർശനം - 46, സാന്ത്വന സന്ദർശനം - 8, താത്കാലിക സഹായം - 9

## കേരള ലേബർ മൂവ്മെന്റ് (KLM)

- വേളാങ്കണ്ണി തീർത്ഥാടനം : കേരള ലേബർ മൂവ്മെന്റ് (KLM) മുതലക്കോടം യൂണിറ്റ് 2025 ഒക്ടോബർ 24, 25, 26 തീയതികളിൽ വേളാങ്കണ്ണി തീർത്ഥാടന യാത്ര സംഘടിപ്പിച്ചു. 24 നു രാവിലെ 09.30 നു ഫാ. ഡോൺ കാരക്കുന്നേൽ വേളാങ്കണ്ണി ബസിലിക്കയിൽ വി. കുർബാന അർപ്പിച്ചു. വൈകുന്നേരം നടന്ന ജപമാല റാലിയിൽ പങ്കെടുത്ത ശേഷം 8 നു മടക്കയാത്ര ആരംഭിച്ചു. 26 നു രാവിലെ 07.00 മണിയോടെ തീർത്ഥാടന സംഘം തിരികെ മുതലക്കോടത്ത് എത്തി. ബഹു. ഡോൺ കാരക്കുന്നേൽ അച്ചൻ ഉൾപ്പെടെ 49 പേരുണ്ടായിരുന്നു. വേളാങ്കണ്ണി മാതാവിനോട് പ്രാർത്ഥിച്ചു അനുഗ്രഹം നേടാൻ എല്ലാവർക്കും സാധിച്ചു. കെ.എൽ.എം ഭാരവാഹികളായ ബെന്നി പെരികിലത്ത്, ജോസ് കുറുന്തോട്ടിക്കൽ, ബാബു കവിയിൽ എന്നിവർ നേതൃത്വം നൽകി.

- സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും മുതലക്കോടം സെന്റ് ജോർജ് ഫൊറോന പള്ളി കേരള ലേബർ മൂവ്മെന്റ് (KLM) യൂണിറ്റും തൊടുപുഴ ധന്വന്തരി വൈദ്യശാല - ആശുപത്രിയും സംയുക്തമായി സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും നവംബർ 16 (ഞായർ) രാവിലെ

09.00 മണി മുതൽ 01.00 മണി വരെ മുതലക്കോടം സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്തി.

ക്യാമ്പിന്റെ ഉദ്ഘാടന ചടങ്ങിൽ കെ.എൽ.എം യൂണിറ്റ് പ്രസിഡന്റ് ബെന്നി പെരികിലത്ത് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. അനുഗ്രഹ പ്രഭാഷണത്തോടെ ഫൊറോന പള്ളി വികാരി ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഡോ. നിരഞ്ജൻ ക്യാമ്പിനെപ്പറ്റി വിശദീകരിച്ചു.

രജിസ്ട്രേഷൻ രാവിലെ 08.30 ന് ആരംഭിച്ചു. ഡോ. സജിത (ഗൈനെക്കോളജി), ഡോ. ലക്ഷ്മി (വാതശാസ്ത്രം), ഡോ. നിരഞ്ജൻ (ഗ്യാസ്ട്രോ), ഡോ. അയന, ഡോ. ശ്രീക്കുട്ടി (ജനറൽ) എന്നീ വിദഗ്ദ്ധ ഡോക്ടർമാർ ക്യാമ്പിൽ രോഗികളെ പരിശോധിച്ച് രോഗനിർണ്ണയം നടത്തി, ചികിത്സാവിധികൾ നിർദേശിച്ചു. ഫർമസിസ്റ്റുമാരായ ഷാജി, സിനോജ് എന്നിവർ സൗജന്യ മരുന്ന് വിതരണത്തിന് നേതൃത്വവും നൽകി. നൂറിലധികം രോഗികൾ ഈ ആയുർവേദ മെഡിക്കൽ ക്യാമ്പ് പ്രയോജനപ്പെടുത്തി.

ക്യാമ്പിൽ ഡോക്ടർ നിർദ്ദേശിച്ച ലാബ് ടെസ്റ്റുകൾക്ക് 10% ഇളവ്, തുടർചികിത്സക്ക് ധന്വന്തരി ആശുപത്രിയിൽ എത്തുന്നവർക്ക് ആദ്യ കൺസൽറ്റേഷൻ സൗജന്യം എന്നിവയാണ് ധന്വന്തരി ലഭ്യമാക്കുന്ന തുടർസേവനങ്ങൾ.

കെ.എൽ.എം. ഭാരവാഹികളായ ബെന്നി പെരികിലത്ത്, ജോസ് കുറുന്തോട്ടിക്കൽ, ബാബു കവിയിൽ എന്നിവർ നേതൃത്വം നൽകി.

## യൂദിത്ത് നവോമി ഫോറം

- **ചാരിറ്റി**

  സെപ്റ്റംബർ മാസം 27-ാം തീയതി പാരീഷ് ഹാളിൽ വെച്ച് നടത്തപ്പെട്ട ഫൊറോന കൺവൻഷനിൽ നിത്യോപയോഗസാധനങ്ങൾ അടങ്ങിയ കിറ്റ് അർഹതപ്പെട്ട 50 കുടുംബങ്ങൾക്ക് ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു.

- **ക്ലാസ്**

  എല്ലാ ബുധനാഴ്ചയും വൈകിട്ട് 04.00 മണി മുതൽ 05.00 മണി വരെയും, 05.00 മണി മുതൽ 06.00 മണി വരെയും യോഗ, സൂംബ ക്ലാസ്സുകൾ പാരീഷ് കോൺഫറൻസ് ഹാളിൽ നടത്തപ്പെടുന്നതായിരിക്കും. എല്ലാവർക്കും സ്വാഗതം.





# കുടുംബവാർത്തകൾ

## നവദമ്പതികൾ

| നം | പേര് | വീട്ടുപേര് | ഇടവക | വിവാഹം |
|---|---|---|---|---|
| 01 | ജോജി<br>അന്നു | ആലുങ്കൽ<br>അധികാരം | ആനിക്കാട്<br>മുതലക്കോടം | 31/08/2025 |
| 02 | ഷാജി<br>സിബി | മറ്റപ്പിള്ളിൽ<br>ചെമ്പരത്തി | മുതലക്കോടം<br>മുതലക്കോടം | 23/10/2025 |
| 03 | മൃണാൾ<br>മേഘ്ന | വൈപ്പുവിളയിൽ വിജയാഞ്ജലി<br>തുറയ്ക്കൽ | <br>മുതലക്കോടം | 27/10/2025 |
| 04 | ഡോൺ<br>അഞ്ചു | പള്ളത്ത്<br>തറപ്പേൽ | മുതലക്കോടം<br>ശാന്തിപുരം | 03/11/2025 |
| 05 | എബിൻ<br>ആൻസ് മരിയ | ചെമ്പരത്തി<br>തോപ്പിൽ | മുതലക്കോടം<br>പടത്തുകടവ് | 08/11/2025 |
| 06 | എമിൽ<br>അഞ്ചന | മുട്ടത്ത്<br>വടക്കേകരപ്പറമ്പിൽ | മൈലക്കൊമ്പ്<br>മുതലക്കോടം | 15/11/2025 |

## പുതുമലരുകൾക്ക് സ്വാഗതം

വീട്ടുപേര് : കല്ലിങ്കക്കുടിയിൽ
മാമ്മോദീസാ പേര് : തെരേസ
വിളിപ്പേര് : കിരൺ
മാതാപിതാക്കൾ : മാർട്ടിൻ - അൽഫോൻസ
മാമ്മോദീസാ : 20/10/2025

വീട്ടുപേര് : ചെറുകുന്നേൽ
മാമ്മോദീസാ പേര് : റോസ് മരിയ
വിളിപ്പേര് : ലിലിബെറ്റ്
മാതാപിതാക്കൾ : തോമസ് - എലിസബത്ത്
മാമ്മോദീസാ : 20/10/2025

വീട്ടുപേര് : പാട്ടുപാറയിൽ
മാമ്മോദീസാ പേര് : ജോഷ്വാ
വിളിപ്പേര് : ജീവ
മാതാപിതാക്കൾ : മാണി - അൽഫോൻസ
മാമ്മോദീസാ : 22/10/2025

വീട്ടുപേര് : പുൽപ്പറമ്പിൽ
മാമ്മോദീസാ പേര് : എലിസബത്ത്
വിളിപ്പേര് : എൽസ
മാതാപിതാക്കൾ : ജോസഫ് - ബ്രിജിറ്റ്
മാമ്മോദീസാ : 22/10/2025

വീട്ടുപേര് : ഇളംത്തുരുത്തിയിൽ
മാമ്മോദീസാ പേര് : നഥാനിയേൽ
വിളിപ്പേര് : നഥാനിയേൽ
മാതാപിതാക്കൾ : ദേവസ്യ - കൊച്ചുത്രേസ്യ
മാമ്മോദീസാ : 22/10/2025

വീട്ടുപേര് : തെക്കേറ്റത്ത്
മാമ്മോദീസാ പേര് : ക്ലിമെന്റ്
വിളിപ്പേര് : ആർതർ
മാതാപിതാക്കൾ : ജോർജ് - മേരി
മാമ്മോദീസാ : 26/10/2025

വീട്ടുപേര് : പേമരത്തിൽ
മാമ്മോദീസാ പേര് : ജോസഫ്
വിളിപ്പേര് : ഹെസിയേൽ
മാതാപിതാക്കൾ : പൗലോസ് - അന്ന
മാമ്മോദീസാ : 28/10/2025

വീട്ടുപേര് : മച്ചുകുഴിയിൽ
മാമ്മോദീസാ പേര് : മറിയം
വിളിപ്പേര് : എവ്ലിൻ മറിയം
മാതാപിതാക്കൾ : സെബാസ്റ്റ്യൻ - മറിയം
മാമ്മോദീസാ : 12/11/2025

വീട്ടുപേര് : ഉറുമ്പിൽ
മാമ്മോദീസാ പേര് : ആഗസ്തി
വിളിപ്പേര് : നെയ്ദൻ
മാതാപിതാക്കൾ : ജോസഫ് - റോസമ്മ
മാമ്മോദീസാ : 15/11/2025

വീട്ടുപേര് : വടക്കൻപറമ്പിൽ
മാമ്മോദീസാ പേര് : ജേക്കബ്
വിളിപ്പേര് : മിഖായേൽ ജേക്കബ്
മാതാപിതാക്കൾ : മാത്യു - എലിസബത്ത്
മാമ്മോദീസാ : 16/11/2025



## നിത്യതയിലേയ്ക്ക് വിളിക്കപ്പെട്ടവർ

ഏലിക്കുട്ടി തോമസ് (89)
ഇടശ്ശേരിയിൽ
മഠത്തിക്കണ്ടം വാർഡ്
മരണം : 02/10/2025

ബിജു (51)
മൂലയിൽ
കൊതകുത്തി വാർഡ്
മരണം : 02/10/2025

അഗസ്റ്റ്യൻ മാത്യു (72)
ആലനോലിക്കൽ
ഞരളക്കാട് ബി വാർഡ്
മരണം : 15/10/2025

ജെയ്സൺ ഫ്രാൻസിസ് (45)
തയ്ലായിക്കാട്ട്
കൊതകുത്തി വാർഡ്
മരണം : 19/10/2025

മറിയക്കുട്ടി പത്രോസ് (78)
തെക്കേപ്പറമ്പിൽ
ഉരുളക്കോട് വാർഡ്
മരണം : 31/10/2025

ജോസഫ് ദേവസ്യ (90)
പനച്ചിക്കൽ
മാവിൻചുവട് വാർഡ്
മരണം : 03/11/2025

സിസിലി (70)
പുന്നത്താനത്ത്
തൊണ്ടിക്കുഴ എ വാർഡ്
മരണം : 06/11/2025

സോജി സോജൻ (26)
മധുരമറ്റത്തിൽ
കാരൂപ്പാറ വാർഡ്
മരണം : 10/11/2025





## പ്രധാന ദിനങ്ങൾ - ഡിസംബർ

| | | |
|---|---|---|
| 01 | തിങ്കൾ | 25 നോമ്പ് ആരംഭം |
| 03 | ബുധൻ | വി. ഫ്രാൻസിസ് സേവ്യർ |
| 05 | വെള്ളി | ആദ്യവെള്ളി |
| 07 | ഞായർ | വി. അംബ്രോസ് |
| 08 | തിങ്കൾ | പരി. കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ |
| 14 | ഞായർ | കുരിശിന്റെ വി. യോഹന്നാൻ |
| 18 | വ്യാഴം | മൈലാപ്പൂരിലെ അത്ഭുത സ്ലീവ |
| 25 | വ്യാഴം | ക്രിസ്മസ് |
| 26 | വെള്ളി | വി. എസ്തപ്പാനോസ് |
| 27 | ശനി | വി. യോഹന്നാൻ ശ്ലീഹ |
| 28 | ഞായർ | കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം) |
| 29 | തിങ്കൾ | തിരുക്കുടുംബം |
| 31 | ബുധൻ | വർഷാവസാനം |

## വിവാഹ ഒരുക്ക സെമിനാർ

മൂവാറ്റുപുഴ നെസ്റ്റ്

**2025 ഡിസംബർ 4 - 6, 18 - 20**

ഫോൺ : 0485 -2830035 (10.00 - 4.00) , മൊബൈൽ : 9495011191, 9539658158

Online on : www.familyapostalateklm.com





ചോദ്യങ്ങൾ മർക്കോസ് 1 മുതൽ 5 വരെ അദ്ധ്യായങ്ങളിൽ നിന്നാണ്.

ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 20

BIBLE QUIZ

1. "പരിശുദ്ധാത്മാവിനെതിരായി ദൂഷണം പറയുന്നവന് ഒരു കാലത്തും പാപത്തിൽ നിന്ന് മോചനമില്ല" ആര് ആരോടു പറഞ്ഞു ?
2. സാബത്തിൽ യേശു രോഗശാന്തി നൽകുമോ എന്ന് അറിയാൻ ഉറ്റുനോക്കിക്കൊണ്ടിരുന്നവർ ആര് ?
3. സൗഖ്യം ലഭിച്ചതിനുശേഷം ഈശോ കൽപ്പിച്ച കാര്യങ്ങൾക്കു പകരം മറ്റു കാര്യങ്ങൾ പ്രവർത്തിക്കുന്ന വ്യക്തികൾ ആരൊക്കെയാണ് ?
4. "ഇതാ നിനക്കു മുമ്പേ ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു" (മർക്കോസ് 1:2) ഈ വാക്യം ഏത് പ്രവാചക ഗ്രന്ഥത്തിലാണ് കാണാൻ സാധിക്കുന്നത് ?
5. കടൽത്തീരത്തുവച്ച് പന്ത്രണ്ടുപേരോടും കൂടെയുണ്ടായിരുന്ന മറ്റുള്ളവരോടുമായി ഈശോ പറഞ്ഞ അവസാനത്തെ ഉപമ ഏത് ?
6. ലേവിയുടെ ഭവനത്തിൽ യേശുവിനോടൊപ്പം ഭക്ഷണത്തിനിരുന്നത് ആരെല്ലാം ?
7. രക്തസ്രാവത്തിൽ നിന്നും മോചനം നേടുന്ന സ്ത്രീയെ ഈശോ എങ്ങനെയാണ് അഭിസംബോധന ചെയ്യുന്നത് ?
8. അപ്പസ്തോലന്മാരെ തെരഞ്ഞെടുക്കുന്നതിന് ഈശോയുടെ മാനദണ്ഡം എന്തായിരുന്നു ?
9. യേശുവിന്റെ ജ്ഞാനസ്നാന വേളയിൽ ആത്മാവ് പ്രാവിന്റെ രൂപത്തിൽ യേശുവിന്റെ മേൽ ഇറങ്ങിവരുന്നത് ആരെല്ലാമാണ് കണ്ടത് ?
10. പുതിയ വീഞ്ഞ് പഴയ തോൽക്കുടങ്ങളിൽ ഒഴിച്ചുവച്ചാൽ എന്തു സംഭവിക്കും ?

## കഴിഞ്ഞലക്കം ഉത്തരങ്ങൾ

1. സദുക്കായരെ
2. 10 പേരും
3. സഖറിയ 9:9
4. കപടനാട്യക്കാരായ നയമജ്ഞർ, ഫരിസേയർ
5. ശപിക്കപ്പെട്ടവരെ
6. യേശു പ്രധാനപുരോഹിതന്മാരോടും ജനപ്രമാണികളോടും
7. മർക്കോ. 13:33-37
8. വയലിലേക്കും, വ്യാപാരത്തിനും
9. പലരുടേയും സ്നേഹം തണുത്തുപോകും
10. യേശു ജനക്കൂട്ടത്തോടും തന്റെ ശിഷ്യന്മാരോടും

## കഴിഞ്ഞലക്കം വിജയികൾ

1. മോളി ഫ്രാൻസിസ് മുണ്ടയ്ക്കൽ
2. സോണി അനീഷ് കുന്നത്തുംപാറയിൽ
3. ആരോൺ അനീഷ് കുന്നത്തുംപാറയിൽ
4. സൗമ്യ മാത്യു ചക്കുംങ്കൽ





## വാർഡ് പ്രാർത്ഥന ഡിസംബർ 2025

| തീയതി | വാർഡ് | ഭവനം |
|---|---|---|
| 01.12.2025 | കനാൽ നോർത്ത് | ജോഷി ചെമ്പരത്തി |
| 02.12.2025 | കനാൽ | സാന്റോ പോൾ ചെമ്പരത്തി |
| 03.12.2025 | താബോർ | സോജി ജെയിംസ് മഠത്തിപ്പറമ്പിൽ |
| 04.12.2025 | ഞറുക്കുറ്റി | ലാൽജി മാത്യു അറുകാക്കൽ |
| 06.12.2025 | മുതലക്കോടം | പി. യു. ഉലഹന്നാൻ പുത്തൻപുരയിൽ |
| | മാവിൻചുവട് | ഐവാൻ സെബാസ്റ്റ്യൻ കാരയ്ക്കാട്ട് |
| 08.12.2025 | മുതലക്കോടം ടൗൺ | ബിനു ജോർജ് വരവുകാലായിൽ |
| | പെട്ടേനാട് ബി | ബേബി എടശ്ശേരിയിൽ |
| 09.12.2025 | ശാസ്താംപാറ | മറിയക്കുട്ടി മുടക്കാലിൽ |
| | പാങ്ങാംപാറ | ജോസ് ജോസഫ് തെക്കേക്കുറ്റിപാലയ്ക്കൽ |
| 10.12.2025 | ആർപ്പാമറ്റം | പാപ്പച്ചൻ (വർഗീസ് ഔസേഫ്) വലിയപുത്തൻപുരയിൽ |
| | പെട്ടേനാട് എ | സണ്ണി ജെയിംസ് മാളിയേക്കൽ |
| 11.12.2025 | മുതലക്കോടം നോർത്ത് | സാറാമ്മ ജോസ് ഓലിക്കൽ |
| | പഴുക്കാകുളം നോർത്ത് | ജോജി ജോസ് പനച്ചിക്കാട്ട് |
| 13.12.2025 | കൊതകുത്തി | ജോർജ് ജോസഫ് പാറയ്ക്കൽ |
| | കാഞ്ഞിരംപാറ | ജോസ് റ്റി. ജോർജ് തൃക്കണ്ണശ്ശേരിൽ |
| 15.12.2025 | പട്ടയംകവല | പി. റ്റി. മാത്യു പൊട്ടംപ്ലാക്കൽ |
| | മുതലക്കോടം സൗത്ത് | ബിജു ദേവസ്യ കുറുന്തോട്ടിക്കൽ |
| 16.12.2025 | വടക്കുംമുറി | ജോസഫ് വടക്കുംപാടത്ത് |
| | തൊണ്ടിക്കുഴ എ | ടോം ജെ. കല്ലറയ്ക്കൽ |
| 17.12.2025 | മഠത്തിക്കണ്ടം | അലക്സാണ്ടർ (സണ്ണി) പുരയിടത്തിൽ |
| | തൊണ്ടിക്കുഴ ബി | ജെയിംസ് ജോസഫ് നമ്പ്യാപറമ്പിൽ |
| 18.12.2025 | മുതലക്കോടം സ്റ്റേഡിയം | സെബാസ്റ്റ്യൻ ചാലയ്ക്കൽ |
| | തൊണ്ടിക്കുഴ സ്കൂൾ | ജെയിംസ് പി. പി. പള്ളിക്കമ്യാലിൽ |
| 20.12.2025 | മങ്ങാട്ടുകവല | പി. കെ. ജോർജ് പള്ളിക്കാപ്പറമ്പിൽ |
| | സെന്റ്. ജോർജ്ജ് ഹൈസ്കൂൾ | പൗലോസ് എം. ഐ. മുടയനേഴത്ത് |

## മിഷൻ ഞായർ പിരിവ്

| വാർഡ് നം. | വാർഡ് | തുക |
|---|---|---|
| 1 | പഴുക്കാകുളം കുരിശുപള്ളി | 2700/- |
| 2 | നെല്ലിക്കുഴി | 5550/- |
| 3 | പഴുക്കാകുളം കിഴക്ക് | 4350/- |
| 4 | കാരൂപ്പാറ | 4200/- |
| 5 | ഞറുക്കുറ്റി | 4500/- |
| 6 | ഏഴുമുട്ടം | 4660/- |
| 7 | ഇടിക്കിട്ടി | 3110/- |
| 8 | കുന്നം കിഴക്ക് | 2000/- |
| 9 | കുന്നം കുരിശുപള്ളി | 3710/- |
| 10 | കുന്നം | 6600/- |
| 11 | ഞരളക്കാട് എ | 2850/- |
| 12 | ഞരളക്കാട് ബി | 1900/- |
| 13 | പഴുക്കാകുളം | 3950/- |
| 14 | കാഞ്ഞിരംപാറ | 1800/- |
| 15 | കനാൽ | 8000/- |
| 16 | ഉരുളക്കോട് | 5200/- |
| 17 | കനാൽ നോർത്ത് | 2750/- |
| 18 | കനാൽ കിഴക്ക് | 4200/- |
| 19 | സാപിയൻസ്യ | 7550/- |
| 20 | കോണിക്കമ്യാൽ | 7850/- |
| 21 | കുന്നം പടിഞ്ഞാറ് | 9650/- |
| 22 | അണ്ണായിക്കണ്ണം | 3000/- |
| 23 | താബോർ | 6400/- |
| 24 | ചിറക്കണ്ടം | 2400/- |





| | | |
|---|---|---|
| 25 | ശാസ്താംപാറ | 2520/- |
| 26 | കൊതകുത്തി | 1040/- |
| 27 | പട്ടയംകവല | 5460/- |
| 28 | ആർപ്പാമറ്റം | 2500/- |
| 29 | സാൻജോ | 5100/- |
| 30 | മുതലക്കോടം ടൗൺ | 5300/- |
| 31 | മുതലക്കോടം നോർത്ത് | 3650/- |
| 32 | സ്നേഹാലയം | 8000/- |
| 33 | മഠത്തിക്കണ്ടം | 4250/- |
| 34 | പെട്ടേനാട് എ | 3300/- |
| 35 | പെട്ടേനാട് ബി | 5540/- |
| 36 | മുതലക്കോടം സ്റ്റേഡിയം | 3940/- |
| 37 | സെന്റ്. ജോർജ്ജ് ഹൈസ്കൂൾ | 10,250/- |
| 38 | മാവിൻചുവട് | 4055/- |
| 39 | വടക്കുംമുറി | 7700/- |
| 40 | മങ്ങാട്ടുകവല | 10,300/- |
| 41 | കാരിക്കോട് | 7590/- |
| 42 | മുതലക്കോടം | 8620/- |
| 43 | മുതലക്കോടം സൗത്ത് | 3110/- |
| 44 | തൊണ്ടിക്കുഴ സ്കൂൾ | 2700/- |
| 45 | തൊണ്ടിക്കുഴ എ | 5650/- |
| 46 | പാങ്ങാംപാറ | 2850/- |
| 47 | തൊണ്ടിക്കുഴ ബി | 3300/- |
| 48 | പഴുക്കാകുളം നോർത്ത് | 2450/- |
| | ആകെ തുക | 2,28,055/- |



# തിരുവചന വായനകൾ

## ഡിസംബർ 2025

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | 1<br>റോമാ.<br>4:1-12<br>മത്താ.<br>7:21-27 | 2<br>റോമാ.<br>4:13-21<br>യോഹ.<br>1:1-8 | 3<br>കൊളോ.<br>1:24-29<br>യോഹ.<br>5:31-36 | 4<br>റോമാ.<br>9:30-33<br>ലൂക്കാ.<br>1:21-25 | 5<br>യാക്കോ.<br>1:22-27<br>മത്താ.<br>5:1-12 | 6<br>1 യോഹ.<br>4:7-12<br>യോഹ.<br>3:16-21 |
| 7<br>വെളി.<br>5:1-5<br>ലൂക്കാ.<br>1:26-38 | 8<br>റോമാ.<br>1:1-7<br>മത്താ.<br>22:41-46 | 9<br>എഫേ.<br>3:1-13<br>ലൂക്കാ.<br>1:39-45 | 10<br>എഫേ.<br>3:14-21<br>ലൂക്കാ.<br>1:46-56 | 11<br>1 യോഹ.<br>5:13-20<br>ലൂക്കാ.<br>1:67-75 | 12<br>റോമാ.<br>12:9-21<br>ലൂക്കാ.<br>6:27-36 | 13<br>കൊളോ.<br>1:12-19<br>യോഹ.<br>8:48-58 |
| 14<br>1 കോറി.<br>1:26-31<br>ലൂക്കാ.<br>1:57-66 | 15<br>എഫേ.<br>1:3-14<br>ലൂക്കാ.<br>1:67,76-80 | 16<br>2 കോറി.<br>3:1-11<br>മത്താ.<br>11:7-15 | 17<br>1 പത്രോ.<br>2:1-10<br>മർക്കോ.<br>3:31-35 | 18<br>1 കോറി.<br>10:23-33<br>ലൂക്കാ.<br>7:30-35 | 19<br>റോമാ.<br>2:1-9<br>ലൂക്കാ.<br>6:37-42 | 20<br>ഗലാ.<br>4:12-20<br>യോഹ.<br>3:22-30 |
| 21<br>വെളി.<br>21:1-7<br>മത്താ.<br>1:18-25 | 22<br>ഗലാ.<br>3:15-20<br>യോഹ.<br>7:37-42 | 23<br>തീത്തോ.<br>2:11-3:2<br>ലൂക്കാ.<br>2:1-5 | 24<br>റോമാ.<br>9:1-5<br>മർക്കോ.<br>6:1-6 | 25<br>ഗലാ.<br>3:15-4:6<br>ലൂക്കാ.<br>2:1-20 | 26<br>ഹെബ്രാ.<br>1:1-4<br>യോഹ.<br>1:14-18 | 27<br>1 കോറി.<br>1:4-9<br>ലൂക്കാ.<br>2:36-40 |
| 28<br>റോമാ.<br>15:7-13<br>മത്താ.<br>2:1-12 | 29<br>ഹെബ്രാ.<br>11:23-28<br>മത്താ.<br>2:13-18 | 30<br>റോമാ.<br>8:14-17<br>മത്താ.<br>2:19-23 | 31<br>റോമാ.<br>8:31-39<br>ലൂക്കാ.<br>2:25-35 | | | |






ക്രിസ്തുമസ് ന്യൂഇയർ
ഓഫർ
LED TV
Rs. 4990 മുതൽ
MIXIE
Rs. 1390 മുതൽ
FAN
Rs. 990 മുതൽ
GAS STOVE
Rs. 990 മുതൽ
IRON BOX
Rs. 449 മുതൽ
*Conditions apply
Induction Cooker
Rs. 1390 മുതൽ
Pressure Cooker
Rs. 699 മുതൽ
എന്തും ഏതിനോടും എക്സ്ചേഞ്ച്
SUJATA
Preethi
LG
SAMSUNG
orient electric
impex
iBELL
Crompton
ജോയി ബ്രദേഴ്സ്
T.V & ഹോം അപ്ലയൻസസ്
ചുരാപ്പുഴ ടവേഴ്സ്, പാലാ റോഡ്, തൊടുപുഴ
Ph: 9447312329
എല്ലാ ബ്രാന്റുകളും ലഭ്യമാണ്.
ഇടവക അംഗങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

## സ്നേഹസ്മരണയ്ക്ക്......

# 4–ാം ചരമവാർഷികം



## മാത്യു ജോസഫ്

### തുണ്ടിയിൽ

### മുതലക്കോടം

ജനനം : 11–01–1952
മരണം : 02–12–2021

"ജീവിച്ചിരിക്കുമ്പോൾ നിങ്ങൾ എന്നെ സ്നേഹിച്ചു
എന്റെ മരണശേഷവും നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമേ"

## സ്നേഹസ്മരണയ്ക്ക്......

# 10–ാം ചരമവാർഷികം



## ആഗസ്തി ആന്റണി

### ചെറുന്നാകോട്ടിൽ

### മുതലക്കോടം

ജനനം: 16–03–1950
മരണം: 14–12–2014

"ഞാനാണ് പുനരുത്ഥാനവും ജീവനും.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും." (യോഹ: 11:25)


TONI&GUY
HAIRDRESSING
Thodupuzha
OUR SERVICES
HAIRCUT, HAIR COLOUR, HAIR SPA,BOTOX
KERATIN, PEDICURE, MANICURE, BRIDAL , MAKE UP,
FACIALSAND OTHER HAIR TREATMENTS
Vattappillil Square,Near Pvt Stand,Thodupuzha
+91 81298 68475






# KCYM

## PRAYER MEET



KCYM ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച Night Vigil







10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കായി
നടത്തിയ ഏകദിന ധ്യാനം



പിതൃവേദിയുടെ ആഭിമുഖ്യത്തിൽ
പണികഴിപ്പിച്ച ഭവനം




KLM ന്റെ ആഭിമുഖ്യത്തിൽ നടത്തിയ ആയുർവേദ മെഡിക്കൽ ക്യാമ്പ്